# ബുക്ക്ഷെൽഫ് ടേഗുകൾ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

ഗ്രന്ഥശേഖരത്തിന്റെ
പ്രദർശന സ്പൈനുകൾ
തുറിച്ചു നോക്കിയതും
അവയെ തരംതിരിക്കാൻ
ഡ്യൂവി ഡെസിമലുകൾ തേടി
ലൈബ്രറി ഓഫ് കോൺഗ്രസ്സിന്റെ
സൈറ്റിൽ
ഡബ്ളിയു ഡബ്ളിയു ഡബ്ളുയുകൾ
സൈബർ സ്പേസിലെ
അഡ്രസ്/സ്റ്റാറ്റസ് ബാറിൽ
നക്ഷത്രങ്ങൾ തീർത്തതും
ഒന്നിച്ചായിരുന്നു.

പുസ്തകങ്ങൾ:
വായിക്കാൻ വാങ്ങിയത്,
വായിക്കാൻ വഴിപ്പെടാത്തത്,
നിദിദ്ധ്യാസോപാസന ആവശ്യപ്പെടുന്നത്,
തടിച്ചു കൊഴുത്ത പ്രമാണ സഞ്ചയം,
അധികവായന ക്ഷണിക്കുന്നത്,
പുനർവായനയുടെ ദുർഗ്രഹക്കെട്ടുകൾ,
ആയുസ്സിന്റെ മേൽവിലാസ സൂചികകൾ.

മൂർദ്ധാവിൽ ഊർദ്ധ്വശ്വാസം
ഊറുന്നതിനു മുമ്പ്
രണ്ടു പ്രധാന ടേഗുകൾ തീർത്തു;
ബുക്ക് മാർക്കുകൾ
പൊടി തട്ടി നാട്ടി:

വാമഭാഗേ – "സമന്വയ സമീക്ഷ"യെന്ന്
കറുത്ത അക്ഷരത്തിൽ;

വലതുഭാഗേ – "ഗ്രന്ഥം കരത്തിങ്കൽ

**ഏന്തി നടന്നാലും, ചന്തത്തിലർത്ഥം**

**ഗ്രഹിച്ചേ മതി വരൂ"യെന്ന്**

**ചുവന്ന അക്ഷരത്തിൽ!**

*********************************